(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. /2074/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.
ഇ-മെയിൽ lfadtvm@yahoo.in

തീയതി: 07.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെമ്മരുതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം./ജി.പി./2074/2016 തീയതി 07.12.2016

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4),1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13,1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 19-06-2016 മുതൽ 26-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഇല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ.,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-11-2016 മുതൽ 30-11-2016 വരെ.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.ആർ.സുരേഷ് കുമാർ(ഓഡിറ്റ് ഓഫീസർ,ഹയർ ഗ്രേ.)

ശ്രീ.സജി.എ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി.എം.എൽ.ലേഖ-(സീനി.ഗ്രേഡ് ഓഡിറ്റർ)

ശ്രീ.വി.ആർ.അരുൺദേവ്-( ഓഡിറ്റർ)

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി ശശീന്ദ്ര.വി. 01-04-2015 മുതൽ 18.11.2015 വരെ

ശ്രീ.എ.എച്ച്.സലീം 19.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ.മോഹനൻ ചെട്ടിയാർ 01-04-2015 മുതൽ 23-07-2015 വരെ

ശ്രീ. സജ്ജുലാൽ 23-07-2015 മുതൽ 31-03-2016 വരെ

(സി)നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ II | ശ്രീ.അജു അലക്സ്. | 01-04-2015മുതൽ 31-03-2016 വരെ |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ I | ശ്രീ. അശോകൻ | 01-04-2015മുതൽ 31-03-2016 വരെ |
| 2 | വെറ്റിനറി സർജൻ | ശ്രീമതി രശ്മി.ആർ.ചന്ദ്രൻ | 01-04-2015മുതൽ 14-09-2015 വരെ |
| | | ശ്രീമതി.അർച്ചന സത്യൻ | 15-09-2015 മുതൽ 31-03-2016വരെ |

| | | | |
|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. | ശ്രീ.അൻവർ അബ്ബാസ് | 01-04-2015 മുതൽ 31-03-2016 വരെ |
| 4 | അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി ഹസ്രമോൾ | 01-04-2015 മുതൽ 31-03-2016 വരെ |
| 5 | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.രമാദേവി.എസ്. | 01-04-2015 മുതൽ 31-03-2016 വരെ |
| 6 | കൃഷി ഓഫീസർ | ശ്രീ.ശശിധരൻ.കെ | 01-04-2015 മുതൽ 31-03-2016 വരെ |
| 7 | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ശ്രീമതി നിഷ.എസ്. | 01-04-2015 മുതൽ 31-03-2016വരെ |
| 8 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ. സാബു.എം.ഒ. | 01-04-2015 മുതൽ 30-06-2015 വരെ |
| | | ശ്രീമതി.ജയ ചന്ദ്രൻ | 01-07-2015 മുതൽ 31-03-2016വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സലിംകുമാർ | 01-04-2015 മുതൽ 18-08-2015വരെ |
| | | ശ്രീ.സലിൽ എ സോണി | 19-08-2015 മുതൽ 25-08-2015വരെ |
| | | ശ്രീ.അനിൽ പി എൻ | 31-08-2015 മുതൽ 31-03-2016വരെ |
| 10 | ഹെഡ് മിസ്ട്രസ്<br>ഗവ. എൽ.പി.എസ്. പനയറ | ശ്രീമതി.ഗീതാകുമാരി | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമനമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| 12 | നികുതി ഈടാക്കാതെ ആഡിറ്റോറിയം പ്രവർത്തിക്കുന്നു | 2-1 | |
| 13 | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടില്ല | 2-2 | |
| 14 | ലേലം - അപാകതകൾ | 2-3 | |
| ഭാഗം 3 | | | |
| 15 | പദ്ധതിനിർവ്വഹണത്തിലെസുതാര്യതക്കുറവ്,മോണിറ്ററിംഗിലെ കാര്യക്ഷമത-തടസ്സപ്പെടുത്തിയ തുക808550/-രൂപ | 3-1 | |
| 16 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി-66060/- രൂപ നിരാകരിക്കുന്നു | 3-2 | |
| 17 | ആശ്രയ പദ്ധതി -തീർത്തും അവഗണനീയം | 3-3 | |
| 18 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ അധിക തുക തിരികെ ഈടാക്കേണ്ടതാണ് | 3-4 | |
| 19 | ചെലവ് വിവരം ലഭ്യമാക്കിയില്ല- തടസ്സപ്പെടുത്തിയ തുക142419/-രൂപ | 3-5 | |
| 20 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- തുക ഒടുക്കി പദ്ധതി പൂർത്തീകരിച്ചില്ല. | 3-6 | |
| ഭാഗം 4 | | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |

| | | | |
|---|---|---|---|
| | വിനിയോഗം | | |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ / വായ്പതിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 30-03-2015ലെ ഭരണസമിതി അംഗീകരിച്ചതിൻപ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 18,96,711,57/- രൂപ വരവും 18,77,70,000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, 2015-16 സാമ്പത്തിക വർഷം രസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പ് ഉൾപ്പെടെ 7,57,717,90/- രൂപയും ചെലവ് 6,56,45,425/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 08.07.2015 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| | | |

## 1-4 സാമ്പത്തിക വിശകലനം( റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - 31374362

വരവ് - 44397428

ആകെ - 75771790

ചെലവ് - 65645425

നീക്കിയിരിപ്പ് - 10126365

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5261999 | 425066 | 10602127 | 16289192 | 16289192 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 6136410 | 8043669 | -4483309 | 9696770 | 9696770 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 1993211 | 7879307 | | 9872518 | 9102307 | 770211 | 92.19% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 874180 | 3160066 | | 4034246 | 4804457 | -770211 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3135612 | 7795742 | -3017870 | 7913484 | 7913484 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 3793601 | 2588854 | -3100948 | 3281507 | 3281507 | 0 | 100% |
| എം.എൻ.ആർ. ഇ.ജി.എസ് | 133108 | 245277 (9229000 EFMS) | | 378385 (9229000) | 374218 (9229000) | 4167 | 98.89% |
| ബി ഫണ്ട് | 0 | 696240 (31577500 DBT) | | 696240 (31577500 DBT) | 696240 (31577500 DBT) | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6030580 | 9429864 | | 15460444 | 8392218 | 7068226 | 54.28% |
| തനത് ഫണ്ട് | 3903630 | 4067125 | | 7970755 | 4983001 | 2987754 | 62.51% |
| ക്യാഷ് | 112031 | 66218 | | 178249 | 112031 | 66218 | 62.85% |
| ആകെ | 31374362 | 44397428 | | 75771790 | 65645425 | 10126365 | 86.64% |

സംരക്ഷണ ഗ്രാൻറ് റോഡ്, നോൺ റോഡ് ഇൂകകൾ ഒരുമിച്ചാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ CBO ആണ്.

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് ( എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 81497304 | 99 | 54521090 | 22 | 27 | 66.89 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | | | | |

| | | | | |
|---|---|---|---|---|
| വിനോദ നികുതി | 0 | 0 | 0 | 0 |
| തൊഴിൽ നികുതി | 708333 | 757620 | 49287 | 6.9 |
| കെട്ടിട നികുതി | 2204647 | 1257798 | 946849 | -42.9 |
| പരസ്യനികുതി | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 155541 | - | | |
| ഷോപ്പിംഗ് കോംപ്ലക്സ് | 86794 | 78083 | 8711 | -10 |
| ഡി& ഒ ലൈസൻസ് | 37630 | 54500 | 16870 | 44.8 |
| മറ്റ് വരവുകൾ | 2347406 | 1985342 | 362064 | -15.4 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 336240 | 175 |
| കർഷക തൊഴിലാളി പെൻഷൻ | 2280000 | 314 |
| വിധവാ പെൻഷൻ | 10627200 | 1085 |
| വാർദ്ധക്യകാല പെൻഷൻ | 14934600 | 1906 |
| വികലാംഗ പെൻഷൻ | 3546100 | 352 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 270000 | 9 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 189600 | 20 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2016 രാവിലെ 10.15ന് സ്ഥാപനത്തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2666രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പദ്ധതികളുടെ മോണിറ്ററിംഗിൽ ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരുടെയും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി, ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം ജനശ്രദ്ധയാകർഷിക്കുന്ന വിധത്തിലൊരുക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ല.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ രേഖകളുടെ പരിപാലനം തൃപ്തികരമല്ല.

പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് മാസത്തിലൊരിക്കലെങ്കിലും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൂടേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ 10.07.2014 ന ശേഷം പ്രസ്തുത കമ്മിറ്റി കൂടിയിട്ടില്ല.ആയതിനാൽ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തന മികവ് വിലയിരുത്തുവാനും സാധിച്ചിട്ടില്ല.മാർഗനിർദേശങ്ങൾക്ക് അനുസൃതമായി മാനേജ്മെന്റ് കമ്മിറ്റി കൂടേണ്ടതാണ്. പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച ഫയൽ പരിപാലനം തൃപ്തികരമല്ല.(ഉദാ: തെരുവു വിളക്കുകളുടെ മീറ്ററിംഗ് ഫയൽ പരിശോധനയിൽ യഥാർത്ഥ ചിത്രം വ്യക്തമല്ല.)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2016 | 01.09.2016മുതൽ 30.09.2016വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.11.2016മുതൽ 19.11.2016വരെ | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി ഈടാക്കാതെ ആഡിറ്റോറിയം പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ 1 ആഡിറ്റോറിയം ഉണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.6-നുള്ള മറുപടിയിലൂടെ വ്യക്തമാക്കി. എന്നാൽ പ്രസ്തുത ഓഡിറ്റോറിയത്തിൽ നിന്നും സ്ഥാപന നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനം സംബന്ധിച്ച് യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല . ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 1ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് എന്ന് എൻക്വയറി നം.6-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 266-ാം വകുപ്പ് ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ കൂടാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ പാടില്ല എന്ന് ചട്ടം 5 രജിസ്ട്രേഷൻ പുതുക്കൽ നിബന്ധനകൾ പ്രതിപാദിക്കുന്നു. ചട്ടം 5(1) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എല്ലാം തന്നെ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ നാളിതുവരെ ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ലേലം - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10.03.2015ലെ II(3)നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 2015-16 ലെ തച്ചോട് / മുട്ടപ്പലം മാർക്കറ്റ് സ്റ്റാൾ ലേലം ഉറപ്പിച്ചു.എന്നാൽ ലേലം കൊണ്ട 33 പേരിൽ 15പേരിൽ നിന്നും 100/-രൂപ വിലയുള്ള മുദ്രപത്രങ്ങൾവാങ്ങിയിട്ടുണ്ടെങ്കിലും മുദ്രപത്രങ്ങളിൽ യാതൊരു വിവരവും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു. മറ്റുള്ളവരിൽ നിന്നും എഗ്രിമെന്റ് വച്ചിട്ടില്ല.

തച്ചോട് മാർക്കറ്റ് ഗേറ്റ് ഫീസ് കളക്ഷൻ , മുട്ടപ്പലം മാർക്കറ്റ് ഗേറ്റ് ഫീസ് കളക്ഷൻ എന്നിവ ലേലം കൊണ്ടവർക്ക് II(1),10.03.2015 തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട്.എന്നാൽ ഇവരിൽ നിന്നും മുദ്രപത്രങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ യാതൊരു വിവരവും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.ഇത്തരം അപാകതകൾ ഒഴിവാക്കിപ്രാബല്യത്തിലുള്ള മൂല്യത്തിലെ മുദ്രപ്പത്രത്തിൽ ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നവരുമായി നിലവിൽ കരാർ ചമക്കേണ്ടതും കരാറുകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിലെ സുതാര്യതക്കുറവ്, മോണിറ്ററിംഗിലെ കാര്യക്ഷമതയില്ലായ്മ- തടസ്സപ്പെടുത്തിയ തുക 808550/-രൂപ.

പ്രോജക്ട് നം S0066/16 -സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്)

പദ്ധതി അടങ്കൽ - 808966 രൂപ

പദ്ധതി ചെലവ് - 808550 രൂപ

ബിൽ നം - 34/15-16തീ 14.01.16- 651550

36/15-16 തീ 27.01.16- 157000

808550

ഭരണാനുമതി - 1(3)/22.4.15

ഫയൽ നം - എ2/369/15

2.08.15ൽ കെൽട്രോൺ ഡെലിവറി ചെലാൻ DC NO.211 പ്രകാരം 157 എണ്ണം 20w230v LED ലൈറ്റുകൾ പഞ്ചായത്തിന് നൽകിയത്.പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായ 651550 രൂപ (157 x 4150) ഡി.ഡി.നം 118720/ 16.01.16പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ബിൽ നം 36 പ്രകാരം ട്രഷറിയിൽ നിന്നുംപിൻവലിച്ച 157000 രൂപയുടെ ചെലവ് വിവരം ലഭ്യമല്ല.പദ്ധതി ലക്ഷ്യം കൈവരിച്ചതായുള്ള മോണിട്ടറിംഗ് സമിതിറിപ്പോർട്ട് ഇല്ല. 808550 രൂപ ചെലവാക്കിയുള്ളപ്രസ്തുത പദ്ധതിയുടെ സുതാര്യതയില്ലായ്മ,മോണിറ്ററിംഗിലെ കാര്യക്ഷമതക്കുറവ് എന്നിവബാക്കി തുക സപ്ലൈ / ഇൻസ്റ്റലേഷൻ കഴിഞ്ഞ ശേഷവുമാണ്. കൂടാതെ നിബന്ധന അനുസരിച്ചുള്ള 3 വർഷ യൂണിറ്റിന് 5150 രൂപയാണെന്നുമാണ്. കെൽട്രോണിന്റെ ഓഫർ പ്രകാരം 50% തുക വർക്ക് ഓഡർ നൽകുന്ന സമയത്തും ഒരെണ്ണത്തിന് 4150 രൂപയും ഇൻസ്റ്റലേഷൻ, കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്ജുകൾക്ക് 1000 രൂപയും ഉൾപ്പെടെ ഒരു കത്ത് നൽകി.കെൽട്രോൺ നൽകിയ വിശദാംശം പ്രകാരം 20w230v AC എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾക്ക് ആവശ്യപ്പെട്ടുകൊണ്ട് 10.08.15 ൽ നം.എ2/369/15 കത്തിലൂടെ പഞ്ചായത്ത് സെക്രട്ടറി കെൽട്രോൺ മാനേജർക്ക് സ്പിൽ ഓവർ പദ്ധതിയായ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലിനായി എൽ.ഇ.ഡി ലൈറ്റുകളുടെ വിശദാംശങ്ങൾ വാറണ്ടിയും ഉറപ്പുനൽകുന്നു. ഇതിലേക്ക് കരാർ ചമക്കേണ്ടതാണ്.എന്നാൽ കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഭരണ സമിതിയുടെയും ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. സ്ഥല പരിശോധനാവേളയിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഒന്നിൽപ്പോലും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതായി കണ്ടില്ല. ആയതിനാൽ ഭരണ സമിതി അംഗങ്ങൾ തങ്ങളുടെ വാർഡുകളിൽ ഏതെല്ലാം പോസ്റ്റുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന പോസ്റ്റ് നമ്പർ ഉൾപ്പെടെ മോണിട്ടറിംഗ് റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമാക്കി ഓഡിറ്റിൽ സമർപ്പിക്കേണ്ടതാണ്.പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെടുന്നതുവരെ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി -66060/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം 102/15(എസ്.സി.പി),പ്രോജക്ട് നം 51/16(എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പ്രോജക്ട് നം 102/15(എസ്.സി.പി) പ്രകാരം പഞ്ചായത്തിലെ എസ്.സി കോളനികളിലേക്കായി 18.03.2015 ൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇന്റസ്ട്രീസ്,കൊല്ലം ത്തു നിന്നും226900/-(ബിൽ നം.35/14-15, 27.03.2015, ഡി.ഡി നം.664793) രൂപ ചെലവഴിച്ച് 154 സി.എഫ്.എൽ സെറ്റുകൾ വാങ്ങുകയുണ്ടായി. ഈ സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിലെ 7 ാം നമ്പർ വ്യവസ്ഥ അനുസരിച്ച് പ്രസ്തുത സാധനങ്ങൾക്ക് 12 മാസത്തെ റീപ്ലെയ്സ്മെന്റ് വാറന്റി സ്ഥാപനം നൽകിയിട്ടുണ്ട്.

പ്രോജക്റ്റ് നം 51/16(എസ്.സി.പി)പ്രകാരം പഞ്ചായത്തിലെ എസ്.സി കോളനികളിലെ 180 സി.എഫ്.എൽ സെറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി മാസ് ടെക്നോളജീസ് & സിസ്റ്റംസ് എന്ന സ്ഥാപനത്തിന് 24.12.2015ൽ 66060/- രൂപ ബിൽ നമ്പർ(AS/15/15-16,04.12.2015,ഡി.ഡി നം.118945) (ബിൽ നം. നൽകുകയുണ്ടായി.പട്ടികജാതിവികസനഓഫീസ് വർക്കല ബ്ലോക്കിലെ സാക്ഷ്യപത്രം പ്രകാരം പഞ്ചായത്തിലെ 16 വാർഡുകളിലായി ആകെ 81 വൈദ്യുത പോസ്റ്റുകളാണ് ഉള്ളത്.180 സി.എഫ്.എൽ സെറ്റുകൾ അറ്റകുറ്റപണികൾ നടത്തിയതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് വിവരം,കംപ്ലീഷൻ സർട്ടിഫിക്കറ്റ് ,തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാറന്റി കാലയളവിൽ തന്നെ വാർഷിക അറ്റകുറ്റപണികൾക്കായി തുക ചെലവഴിക്കേണ്ടി വന്നതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം 12 പ്രകാരം അന്വേഷിച്ചിരുന്നെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല.ആയതിനാൽ പ്രസ്തുത ചെലവ് 66060/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.കൂടാതെ 81 വൈദ്യുത പോസ്റ്റുകളിലേക്കായി 154 സി.എഫ്.എൽ സെറ്റുകൾ വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി -തീർത്തും അവഗണനീയം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.പഞ്ചായത്തിലെ ഒന്നാം ഘട്ട പദ്ധതി (2013-2016)നടപ്പിലാക്കുന്നതിലേക്കായി സമർപ്പിച്ച14239480/-രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് 22.06.2013 ലെ സ.ഉ.(സാധാ)നം. 647/2013/തസ്വഭവ. പ്രകാരം അനുമതി നൽകുകയും ചലഞ്ച് ഫണ്ട് വിഹിതമായ 9,30,980രൂപ അനുവദിക്കുകയുംചെയ്തു.ടി ഫണ്ട് 27.09.2013ൽ ചെക്ക് നം 1300653 ആയി ലഭ്യമാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 28.10.2013 ൽ ഒടുക്കുവരുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതിപ്രകാരം പഞ്ചായത്തിൽ 64 അഗതി കുടുംബങ്ങളിലായി 149 ഗുണഭോക്താക്കളാണ് ഉള്ളത്.പ്രവർത്തന കലണ്ടർ പ്രകാരം 2016മാർച്ചിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.19.10.2010 ലെ സ.ഉ.(കൈ)നം.12/10/തസ്വഭവ പ്രകാരം പഞ്ചായത്തിൽ ഭൂമിവാങ്ങൽ,ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം,കുടിവെള്ളം,സ്വയം തൊഴിൽ എന്നീ പദ്ധതികൾക്ക് അഗതി കുടുംബങ്ങളെ പരിഗണിച്ചതിനു ശേഷമേ മറ്റ് കുടുംബങ്ങളെ പരിഗണിക്കാവൂ എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.ടി ഉത്തരവനുസരിച്ച് അഗതി കുടുംബങ്ങളെ ഘട്ടം ഘട്ടമായി സ്വയം പര്യാപ്തതയിലേക്ക് കൊണ്ട് വരുന്നതിലേക്കായി തൊഴിൽ പരിശീലനം നൽകി സ്വയംതൊഴിൽ പദ്ധതികൾആവിഷ്കരിക്കേണ്ടതാണ്. അഗതികളെ സമൂഹത്തിലെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിലേക്കായി അയൽ കൂട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ആശ്രയ പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട്

| ക്രമ നം | ഇനം | ആകെ ഗുണഭോക്താക്കൾ | ആവശ്യമായ തുക | നാളിതുവരെ വകയിരുത്തിയ തുക | നാളിതുവരെ ചെലവഴിച്ച തുക | നാളിതുവരെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|---|---|
| 1 | വസ്തു വാങ്ങൽ | 12 | 18,00,000/- | 3,00,000/- | 3,00,000/- | 2 | 10 |
| 2 | ഭവന നിർമ്മാണം | 40 | 10000000/- | 7,50,000/- | 3,50,000/- | 5 | 35 |
| 3 | ഭവന പുനരുദ്ധാരണം | 14 | 3,50,000/- | 1,00,000/- | 1,00,000/- | 4 | 10 |
| 4 | കുടിവെള്ളം | 41 | 7,42,500/- | ഇല്ല | ഇല്ല | 0 | 41 |
| 5 | കക്കൂസ് നിർമ്മാണം | 52 | 4,16,000/- | ഇല്ല | ഇല്ല | 0 | 52 |
| 6 | ചലഞ്ച് ഫണ്ട് | 149 | 9,30,980/- | 9,30,980/- | 3,61,320/- | 149 | സേവനം തുടരുന്നു |
| ആകെ ചെലവഴിച്ച തുക | | | | | 11,11,320/- | | |

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സംഗതികൾ

1) പദ്ധതിക്ക് യഥാസമയം അനുമതി നൽകി ചലഞ്ച് ഫണ്ടും നൽകിയെങ്കിലും ആദ്യ വർഷം തനത് ഫണ്ട് വകയിരുത്തുകയോ ചലഞ്ച് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

2) തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ചലഞ്ച് ഫണ്ട് മെമ്പർ സെക്രട്ടറിക്ക് 25.06.14 ൽ മാത്രമാണ് കൈമാറിയത്.എന്നാൽ 28.10.13 മുതൽ 25.06.14 വരെയുള്ള കാലയളവിലെ പലിശ കൈമാറ്റം ചെയ്തിട്ടില്ല.

3) 19.10.2010 ലെ സ.ഉ.(കൈ)/12/10/ത.സ്വ.ഭ.വ പ്രകാരം പഞ്ചായത്തിൽ ഭൂമിവാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം,കുടിവെള്ളം,സ്വയം തൊഴിൽ എന്നീ പദ്ധതികൾക്ക് അഗതി കുടുംബങ്ങളെ പരിഗണിച്ചതിനു ശേഷം മാത്രമേ മറ്റ് കുടുംബങ്ങളെ പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ അഗതികളെ പ്രസ്തുത പദ്ധതികളിൽ പൂർണമായും തഴയപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

4) പഞ്ചായത്തിലെ ആശ്രയ കുടുംബങ്ങളെ എല്ലാം ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5)റേഷൻ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6) പഞ്ചായത്തിലെ ആശ്രയ കുടുംബങ്ങളെ എല്ലാം അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

7) ആശ്രയ പദ്ധതിയുടെ മേൽനോട്ടത്തിനായുള്ള വിലയിരുത്തൽ സമിതി നാളിതുവരെ പ്രസ്തുത വിലയിരുത്തൽ നടത്തിയിട്ടില്ല.

8)ആശ്രയ പദ്ധതിയിലുള്ളവർക്ക് പാലിയേറ്റീവ് കെയറിൽ നിന്നും ചികിത്സ സഹായം ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

9)പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ മുഖച്ചിത്രമായി നൽകിയിരിക്കുന്ന അഗതിയുടെ പോലും അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാൻ പഞ്ചായത്ത് നടപടി എടുത്തിട്ടില്ല.

10) പദ്ധതി ദീർഘിപ്പിക്കുന്നതിനോ തുടർ പദ്ധതിക്കോ നാളിതുവരെ അനുമതി നേടിയിട്ടില്ല.

മേൽ വിഷയങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ,ഭരണ സമിതി എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ- അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട്-അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ

പ്രോജക്ട് നമ്പർ-S 0151/16

അടങ്കൽ തുക- 652800/-രൂപ(മെയിന്റനൻസ് ഫണ്ട്)

ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ടിൽ നിന്ന് ബിൽ നമ്പർ 5/30-09-15 പ്രകാരം 6,52,800/- രൂപ പിൻവലിച്ച് ആറ്റിങ്ങൽ വാട്ടർ സപ്ലൈ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കൈമാറി. വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ വിനിയോഗ സാക്ഷ്യ പത്രമനുസരിച്ച് 504324/-രൂപയുടെ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. ബാക്കി തുകയായ 1,48,476/-രൂപ വാട്ടർ അതോറിറ്റിയുടെ കൈവശമാണ്. വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന തുക തിരികെ ലഭ്യമാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി-9/30-11-2016 ന്റെ മറുപടി). പ്രസ്തുത തുക തിരികെ ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ചെലവ് വിവരം ലഭ്യമാക്കിയില്ല- തടസ്സപ്പെടുത്തിയ തുക142419/-രൂപ

i) പ്രോജക്ട് നം S0055/16 - തെരുവ് വിളക്ക് സ്ഥാപിക്കൽ

ബിൽ നം 4/15-16 തീയതി 15-07-15

തുക 39000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ii) പ്രോജക്ട് നം S0056/16 -തെരുവ് വിളക്ക് അറ്റകുറ്റപ്പണി

ബിൽ നം 30/15-16തീയതി 14-12-15

തുക 67895/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

iii) പ്രോജക്ട് നം S0062/16 - തെരുവ് വിളക്ക് മെയിന്റനൻസ് സാധനങ്ങൾ

വാങ്ങി ഫിറ്റ് ചെയ്തതിന് കൂലി.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

തനത് ഫണ്ട് ചെക്ക് നം 1586484/14.01.16

തുക 35524/-

സ്റ്റോക്ക് വിവരം ലഭ്യമല്ല.

ആകെ തടസ്സപ്പെടുത്തൽ 39000+67895+35524 =142419/- രൂപ

ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- തുക ഒടുക്കി പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം S0131/16 - ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ്

സ്ഥാപിക്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട് (പ്രത്യേകഗ്രാന്റ്) - 8,00,000/-

ബിൽ നം 51/15-16 തീ. 17.03.2016

ധനകാര്യകമ്മീഷൻ ഗ്രാന്റ് - 16,00,000/-

ബിൽ നം 56/15-16 തീ. 31.03.2016

പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 26.05.16 ൽ 24,00,000/- രൂപ ഇതിലേയ്ക്കായി ഒടുക്കിയിട്ടുണ്ട് . കൂടാതെ ഹൈമാസ്റ്റ് ലൈറ്റിന് സെന്റേജ് ചാർജായി തനത് ഫണ്ടിൽ നിന്നും 6,91,500 രൂപ പ്രോജക്ട് നം S0166/16 പ്രകാരം 26.05.16 ൽ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് 2012-13 ൽ പ്രോജക്ട് നം S0157/13 ആയി 477000 രൂപയും 2013-14 ൽ പ്രോജക്ട് നം S0081/14 ആയി 2302286 രൂപയും കെ.എസ്.ഇ.ബി യുടെ പാലച്ചിറ, കല്ലമ്പലം, കെടാകുളം സെക്ഷനുകളിലായി ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് പൂർത്തിയാക്കിയ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| | | ഇല്ല | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD Electrical wing | ഹൈമാസ്റ്റ് സ്ഥാപിക്കൽ | | 24,00,000/- | | 24,00,000/- |

| | | | | | |
|---|---|---|---|---|---|
| PWD Electrical wing | ഹൈമാസ്റ്റ് സെന്റേജ് ചാർജ് | | 691500/- | | 691500/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ലോൺ | 275/2010ത.സ്വ.ഭ. 27.01.2010 | 8010000 | 107303 | 107303 | 0 | - |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2007-08 | 2 | 14250 | ശ്രീമതി ലില്ലി, മുൻ സെക്രട്ടറി | 11502102179 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31, 32 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ എന്ന ഭാഗം | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങിയതിലെ അപാകത | ബഹു.നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2000-01 | 33 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ എന്ന ഭാഗം | മുത്താന-പുതുവൽ കോളനി റോഡ് മെറ്റലിംഗ്-ടാറിംഗിന് അധിക തുക നൽകിയത് | ബഹു.നിയമസഭ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75771790റസീറ്റ് &പേയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65645425(റസീറ്റ് &പേയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 950969 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 66060 | ശ്രീ. സലിംകുമാർ, അസി.സെക്രട്ടറി |

*(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 808550 | ശ്രീ.സജു ലാൽ , സെക്രട്ടറി |
| 3.5 | 39000 | ശ്രീ.മോഹനൻ ചെട്ടിയാർ |
| | 103419 | ശ്രീ.സജു ലാൽ , സെക്രട്ടറി |
| ആകെ | 950969 | |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സലിംകുമാർ, അസി.സെക്രട്ടറി തംബുരു, ശിവഗിരി, വർക്കല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.ടി.ഡി.ജി.പി. 9/25/03തീ: 02.07.2014 | ഖണ്ഡിക20 | |
| 2002-03 | എൽ.എഫ്.ടി.ഡി.ജി.പി. 9/954/04തീ:02.07.2014 | 2.2, 2.5, 2.9, 2.10(1), 2.10(2), 2.10(3), 2.11, 2.12 - 8 | |
| 2003-04 | എൽ.എഫ്.ടി.ഡി.ജി.പി. 9/592/07തീ:02.07.2014 | 3.5, 3.7, 3.10, 3.14- * | |
| 2004-05 | എൽ.എഫ്.ടി.ഡി.ജി.പി. 9/369/08തീ:02.07.2014 | 2(1),3-1(4),3-6(1),3-6(2),3-8,3-8(1),3-9,3-10,3-11 -9 | |
| 2005-06 | എൽ.എഫ്.ടി.ഡി.ജി.പി. 7/370/08തീ:02.07.2014 | 3-1,3-2,3-4,3-5,3-7,3-8 -6 | |
| 2006-07 | എൽ.എഫ്.ടി.ഡി.ജി.പി. 7/1443/09തീ: 02.07.2014 | 2-1(1),2-1(2),2-1(1),2-2(2),2-2(3),2-3,3-1,3-2,3-4,3-5,3-6,3-8,3-9,3-10,3-11,3-12,3-14 -17 | |
| 2007-08 | എൽ.എഫ്.ടി.ഡി.ജി.പി. 7/1940/09തീ: 09.12.2014 | 3-8 -1 | |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.ടി.ഡി.ജി.പി. 7 / 2458 /11 തീ: 19.09.2014 | 3-3(4),3-6,3-7,3-8,3-9 -5 | |
| 2009-10 | എൽ.എഫ്.ടി.ഡി.ജി.പി. 7/2559/11തീ: 30.10.2014 | 2(1),2(2),2(3)-A,2(4)-1,3-1,3-2,3-4,3-5,3-6,3-7,3-8,3-9 -12 | |
| 2010-11<br>2011-12 | എൽ.എഫ്.ടി.ഡി.ജി.പി. 7/1350/13തീ: 09.10.2014 | 2(1),2(2),3(1) -3 | |
| 2012-13 | എൽ.എഫ്.ടി.ഡി.ജി.പി. 7/855/14തീ:02.07.2014 | 1 മുതൽ 4(1) വരെ | |
| 2013-14 | എൽ.എഫ്.ടി.ഡി.ജി.പി. 7/688/15തീ:08.07.2015 | 1 മുതൽ 3(8) വരെ | |
| 2014-15 | കെ എസ് എ റ്റി വി എം ജിപി7/1369/2016 തീയതി 1-8-16 | 1 മുതൽ 3(10) വരെ | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1) ആസ്തികളുടെ മൂല്യനിർണയം നടത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്